**രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറലിന്റെ നടപടി ക്രമങ്ങൾ**

**(ഹാജർ: ശ്രീ. പി.കെ. സാജൻ കുമാർ)**

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ആധാരം തയ്യാറാക്കൽ ലൈസൻസ് പരീക്ഷ 2017- പുനർമൂല്യ നിർണ്ണയം – വിദഗ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- (1) ശ്രീ.കെ.ടി.സജീവന്റെ 20.03.2018 തീയതിയിലെ പരാതി.

(2) ബഹു: പൊതുമരാമത്തും രജിസ്ട്രേഷനും മന്ത്രിയുടെ 21.04.2018 തീയതിയിലെ ഇ.2447539/M(PWD&R)2018 നമ്പർ നിർദ്ദേശം.

(3) രജി:ഡി.ഐ.ജി (ലൈസൻസിംഗ്) ബഹു: പൊതുമരാമത്തും രജിസ്ട്രേഷനും മന്ത്രിയ്ക്ക് 21.04.2018 ന് സമർപ്പിച്ച റിപ്പോർട്ട്.

(4) ബഹു: പൊതുമരാമത്തും രജിസ്ട്രേഷനും മന്ത്രിയുടെ 24.04.2018 തീയതിയിലെ ഇ.2468373/18/M(PWD&R) നമ്പർ നിർദ്ദേശം.

(5) 28.09.2017 ലെ 2101 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച രജി:ഡി.ഐ.ജി (ലൈസൻസിംഗ്) യുടെ 23.08.2017 ലെ എൽ1/23786/16 നമ്പർ വിജ്ഞാപനം.

(6) രജി:ഡി.ഐ.ജി (ലൈസൻസിംഗ്) യുടെ 25.01.2018 തീയതിയിലെ എൽ.1-23786/16 നമ്പർ നടപടി ക്രമം.

(7) രജി:ഡി.ഐ.ജി (ലൈസൻസിംഗ്) യുടെ 16.03.2018 തീയതിയിലെ എൽ.1-23786/16 നമ്പർ നടപടി ക്രമം.

**ഉത്തരവ് നമ്പർ എൽ.1–2965/2018 തിരുവനന്തപുരം, തീയതി 03.05.2018.**

രജിസ്ട്രേഷൻ വകുപ്പ് 23.12.2017 ന് നടത്തിയ ആധാരം തയ്യാറാക്കൽ ലൈസൻസ് പരീക്ഷയുടെ മൂല്യ നിർണ്ണയം കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പിൽ 08.01.2018 മുതൽ 18.01.2018 വരെ നടന്നു. പരീക്ഷാഫലം സൂചന (6) മുഖേന 25.01.2018 ന് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പരീക്ഷയുടെ ഉത്തരക്കടലാസുകൾക്ക് പുനർമൂല്യ നിർണ്ണയത്തിന് സൂചന (5) വിജ്ഞാപന പ്രകാരം അപേക്ഷകർക്ക് അവസരം നൽകിയിരുന്നു. അതു പ്രകാരം ലഭിച്ച അപേക്ഷകൾ അനുസരിച്ചുള്ള ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പിൽ 13.03.2018, 14.03.2018 തീയതികളിൽ നടക്കുകയും പുനർമൂല്യനിർണ്ണയത്തിൽ വിജയിച്ചവരുടെ വിവരങ്ങൾ സൂചന (6) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പുനർമൂല്യ നിർണ്ണയത്തിൽ അപാകതകൾ ആരോപിച്ചുകൊണ്ട് സൂചന(1) ഉൾപ്പെടെയുള്ള പരാതികൾ ലഭിച്ച

സാഹചര്യത്തിൽ സൂചന (2) പ്രകാരം ലൈസൻസിംഗ് അതോറിറ്റിയുടെ റിപ്പോർട്ട് ബഹു: മന്ത്രി ആവശ്യപ്പെടുകയും സൂചന (3) റിപ്പോർട്ട് ലൈസൻസിഗ് അതോറിറ്റി ബഹു: മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. ലൈസൻസിഗ് അതോറിറ്റിയുടെ റിപ്പോർട്ടും റിപ്പോർട്ടിലെ ശുപാർശയും സൂചന(4) പ്രകാരം ബഹു: മന്ത്രി അംഗീകരിച്ചു. അതായത് ലൈസൻസിംഗ് അധികാരിയുടെ സൂചന (6) നടപടിക്രമമനുസരിച്ചുള്ള ആദ്യത്തെ മൂല്യ നിർണ്ണയത്തിലെ പരീക്ഷാഫലത്തിൽ ലഭിച്ചതിനേക്കാൾ പത്തിൽ കൂടുതൽ മാർക്ക് സൂചന(7) നടപടിക്രമപ്രകാരമുള്ള പുനർമൂല്യനിർണ്ണയത്തിൽ ഏതെങ്കിലും പാർട്ടിന് ലഭിക്കുകയും അതുകൊണ്ട് മാത്രം പരീക്ഷയിൽ വിജയത്തിന് അർഹത നേടുകയും ചെയ്തു എല്ലാ ഉത്തര കടലാസുകളും ഒരു വിദഗ്ധ സമിതി വീണ്ടും മൂല്യ നിർണ്ണയം നടത്തണമെന്നാണ് ബഹു: പൊതുമരാമത്തും രജിസ്ട്രേഷനും മന്ത്രി സൂചന (4) മുഖേന ഉത്തരവ് നല്കിയിട്ടുള്ളത്.

വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച് ആയതിൻമേൽ അന്തിമ തീരുമാനമെടുക്കുന്നതുവരെ പുനർമൂല്യ നിർണ്ണയത്തിന്റെ ഫലം സംബന്ധിച്ച് സൂചന(7) നടപടി ക്രമവും അനുബന്ധ നടപടികളും ബഹു: മന്ത്രിയുടെ സൂചന (2) നിർദ്ദേശ പ്രകാരം ഇതിനാൽ മരവിപ്പിച്ചിരിക്കുന്നു.

ബഹു: മന്ത്രിയുടെ സൂചന (4) ഉത്തരവ് പ്രകാരമുള്ള പുനർമൂല്യ നിർണ്ണയം നടത്തി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ പറയുന്നവരെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു:

1) ശ്രീ.എ.ജി.വേണുഗോപാൽ, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഉത്തര മേഖല) – കൺവീനർ.
2) ശ്രീ. എബി ജോർജ്ജ്, ജില്ലാ രജിസ്ട്രാർ (ജനറൽ) ഇടുക്കി – അംഗം.
3) ശ്രീ. എം.ബി. സത്യൻ, ജില്ലാ രജിസ്ട്രാർ (ജനറൽ) വയനാട് – അംഗം.

**രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ.**

പകർപ്പ്-

1. രജി.ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഉത്തര മേഖല.
2. ജില്ലാ രജിസ്ട്രാർ (ജനറൽ), ഇടുക്കി.
3. ജില്ലാ രജിസ്ട്രാർ (ജനറൽ), വയനാട്.
4. എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും, സബ് രജിസ്ട്രാർമാർക്കും.
5. ഐ.റ്റി.സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).